പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 727

28.9.2011 ൽ മറുപടിയ്ക്ക്

## ജീവൻ രക്ഷാ ഔഷധങ്ങളുടെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ജീവൻ രക്ഷാ ഔഷധങ്ങളുടെ വില സംസ്ഥാനത്ത് ക്രമാതീതമായി ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വില വർദ്ധിക്കുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മരുന്നുകളുടെ വില പൂർണ്ണമായും നിയന്ത്രിക്കുന്നതു കേന്ദ്ര സർക്കാരാണ്. |
| (ബി) വിലവർദ്ധന നിയന്ത്രണ വിധേയമാക്കി രോഗികൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) ഇടനിലക്കാരായ മൊത്ത വ്യാപാരികളെ ഒഴിവാക്കി കമ്പനിയിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് ലേബലിൽ പ്രിന്റ് ചെയ്തിട്ടുള്ള Maximum Retail Price – ൽ നിന്ന് നിശ്ചിത ശതമാനം കുറച്ച് വളരെ തുച്ഛമായ ലാഭത്തിൽ മരുന്ന് വില്പനനടത്തുന്ന നീതി, മാവേലി പേയിങ് കൗണ്ടറുകൾ എന്നീ സ്ഥാപനങ്ങൾക്ക് മുൻഗണനാക്രമത്തിൽ ലൈസൻസുകൾ അനുവദിക്കുന്നുണ്ട്. കൂടാതെ കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി, സംഭരിച്ച് സർക്കാർ ആശുപത്രികളിൽ Kerala Medical services Corporation സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നുണ്ട്. |
| (സി) ജീവൻ രക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) Drugs & Cosmetics ചട്ടങ്ങൾക്കും നിയമങ്ങൾക്കുമനുസരിച്ച് സംസ്ഥാനത്ത് വില്ക്കപ്പെടുന്ന മരുന്നുകളുടെ റാന്റം സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്ത് Drugs Testing Laboratory യിൽ പരിശോധിക്കുന്നുണ്ട്. ഇപ്പോൾ പ്രതിവർഷം ഏകദേശം അയ്യായിരത്തോളം സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. ഇതിൽ വളരെ തുച്ഛമായ ശതമാനം മാത്രമേ ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയിട്ടുള്ളൂ. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് വരെ 2876 സാമ്പിളുകൾ എടുത്തതിൽ 104 മരുന്നുകൾ മാത്രമേ ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയിട്ടുള്ളൂ. ഇത്തരം മരുന്നുകൾ ഉടനടി വിപണിയിൽ നിന്നും നീക്കം ചെയ്ത് നിർമ്മാതാക്കൾക്കെതിരെ നടപടിയെടുക്കാൻ അതാത് സംസ്ഥാന Drugs Controller ക്ക് നിർദ്ദേശം നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ